22474
24/10/17

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - കേരള ലളിതകലാ അക്കാദമി സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി അക്കാദമിയുടെ വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പുതിയ കാർ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

**സ.ഉ.(എം എസ്) നം.31 /2017/സാം.കാ.വ   തീയതി, തിരുവനന്തപുരം, 13.10.2017**

---

പരാമർശം:- കേരളലളിതകലാ അക്കാദമി സെക്രട്ടറിയുടെ 19.01.2016 ലെ കെ.എൽ.കെ.സി.1677/2013 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള ലളിതകലാ അക്കാദമി സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി നിലവിൽ ഉപയോഗിച്ചു വരുന്ന 2007 മോഡൽ അംബാസിഡർ കാർ ഉപയോഗിക്കാൻ സാധിക്കാത്ത സാഹചര്യത്തിലാണെന്നും ആയതിനാൽ അക്കാദമിയുടെ വികസന ഫണ്ടിൽ നിന്നും തുക കണ്ടെത്തി പുതിയ കാർ വാങ്ങുവാൻ ഉത്തരവാകണമെന്ന് കേരള ലളിതകലാ അക്കാദമി സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ലളിതകലാ അക്കാദമിയുടെ വികസന ഫണ്ടിൽ നിന്നും തുക കണ്ടെത്തി അക്കാദമി സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് 16.66 ലക്ഷം രൂപ ചിലവിൽ പുതിയ ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റാണി ജോർജ്ജ്**
**സെക്രട്ടറി**

സെക്രട്ടറി , കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (28.03.2017 ലെ EDN-C3/61/2015-FIN) പ്രകാരം
GA(SC) വകുപ്പ് (11.10.2017 ലെ ഇനം നമ്പർ 1512 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

AS
Rh
12/10

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 11-10-2017

ഫയൽ നം.എ1/69/2017/സി.എൽ.എ.ഡി. ഇനം നം: 1512

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - കേരള ലളിതകലാ അക്കാദമിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്വന്തമായി കാർ വാങ്ങിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. കെ.എം. എബ്രഹാം
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

മുൻ ഖണ്ഡികയിലെ ഉത്തരവ് പ്രകാരം കരട് സർക്കാർ ഉത്തരവ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

12/10/17

13/10/17
B. SUNIL KUMAR
Deputy Secretary to Govt.
Cultural Affairs Department
Govt. Secretariat,
Thiruvananthapuram

Rh
13/10
RANI GEORGE IAS
Secretary to Government

**കേരള സർക്കാർ**
**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**
**(മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)**

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | : എ 1/69/2017/സി.എൽ.എ.ഡി |
| 2) | വകുപ്പ് | : സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | : കേരള ലളിതകലാ അക്കാദമിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്വന്തമായി കാർ വാങ്ങിക്കുന്നത് സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 24/08/2017 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | : അതെ |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി.ഗീത കെ. |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീമതി.റാണി ജോർജ്ജ് ഐ.എ.എസ്. |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 25/09/2017 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.കെ.എം.എബ്രഹാം ഐ.എ.എസ് |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 28/09/2017 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ എ.കെ.ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 03/10/2017 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 07/10/2017 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള ലളിതകലാ അക്കാദമിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്വന്തമായി കാർ വാങ്ങിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേരള ലളിതകലാ അക്കാദമി സെക്രട്ടറി ഇപ്പോൾ ഉപയോഗിക്കുന്ന KL 08 AN 4211 എന്ന 2007 മോഡൽ അംബാസിഡർ കാർ പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ ഡിവിഷൻ എഞ്ചിനീയർ പരിശോധിക്കുകയും ഈ വാഹനം ഉപയോഗ യോഗ്യമല്ലാത്ത സാഹചര്യത്തിൽ, സർക്കാരിന് സാമ്പത്തിക ബാധ്യത വരാതെ അക്കാദമിയുടെ വികസന ഫണ്ടിൽ നിന്നും തുക കണ്ടെത്തി ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ ഒരു കാർ വാങ്ങുന്നതിന് അനുമതി നൽകണമെന്നും അക്കാദമി സെക്രട്ടറി സർക്കാരിനോട് ആവശ്യപ്പെട്ടു.

3. ഈ വിഷയത്തിൽ ഫയൽ ധനകാര്യ വകുപ്പിൽ അയച്ചപ്പോൾ താഴെ പറയുംപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

(i) വാഹനം condemn ചെയ്യുന്നതു സംബന്ധിച്ച് 01/03/13-ലെ സ.ഉ(പി)110/13/ധനം ഉത്തരവിലെ ഖണ്ഡിക (25) പ്രകാരം ഭരണ വകുപ്പിന് തീരുമാനം കൈക്കൊള്ളാവുന്നതാണ്.

(ii) 08.08.2012-ലെ സ.ഉ(പി)നം.442/2012/ധന പ്രകാരവും 11.10.2013 ലെ സ.ഉ(പി)നം. 515/2013/ധന പ്രകാരവും ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിലൊഴികെ ഔദ്യോഗിക വാഹനം പുതുതായി വാങ്ങാൻ പാടില്ലെന്നും മറിച്ച് കരാർ അടിസ്ഥാനത്തിൽ / വാടകയ്ക്കെടുത്ത് വേണം ഉപയോഗിക്കാനെന്നും ഉത്തരവായിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നാണ് വാഹനം വാങ്ങാനുദ്ദേശിക്കുന്നതെങ്കിൽക്കൂടി 18.04.1998-ലെ സ.ഉ(പി) നം.1379/98/ധന പ്രകാരം സർക്കാർ ഗ്രാന്റ് വാങ്ങി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് മേൽ ഉത്തരവുകൾ ബാധകമാണ്. മാത്രവുമല്ല ആവശ്യപ്പെട്ടിരിക്കുന്നതനുസരിച്ച് പത്ത് ലക്ഷത്തിലധികം വിലയുള്ള ഔദ്യോഗിക വാഹനം വാങ്ങുന്നതിന് വാഹനം വാങ്ങുന്നത് സംബന്ധിച്ച് ആവശ്യകത, ഫണ്ട് ലഭ്യത, DGS & D rate, invoice from the concerned firm എന്നിവയുടെ വിശദമായ പരിശോധനയ്ക്കു ശേഷം 14.03.2013-ലെ സ.ഉ(എം.എസ്) നം.72/2013/ജി.എ.ഡി പ്രകാരം ഭരണ വകുപ്പിന് ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്നും ഇതിന് മന്ത്രിസഭയുടെ അനുമതി അനിവാര്യമാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു.

4. ബഹു.മുഖ്യമന്ത്രി ഈ വിഷയം മന്ത്രിസഭാ യോഗത്തിനു മുൻപാകെ സമർപ്പിക്കുവാൻ ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

കേരള ലളിതകലാ അക്കാദമിയുടെ വികസന ഫണ്ടിൽ നിന്നും തുക കണ്ടെത്തി അക്കാദമിയുടെ സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് 16.66 ലക്ഷം രൂപ ചിലവിൽ പുതിയ ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് അനുമതി നൽകാമോ?